വലിയകാവ് വനഭൂമി ബാദ്ധ്യത രഹിത സർട്ടിഫിക്കറ്റ്

164 [3569] ശ്രീ. വി. ജെ. പൗലോസ്:
,, തമ്പാനൂർ രവി:
,, ടി. യു. രാധാകൃഷ്ണൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്തൻപുഴ വലിയ കാവ് വനഭൂമിയിൽപ്പെട്ട 432.5 ഏക്കർ ഭൂമിയുടെ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് വെള്ളിക്കുളം സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും 2003 മാർച്ച് 20-ന് എ. എസ്. ഹമീദ് എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ടോ;

(ബി) ഈ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ എന്ന് കിട്ടി;

(സി) ഈ സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും 2003-ൽ എത്ര ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് നൽകി;

(ഡി) അതിൽ എത്ര എണ്ണം അപേക്ഷ കിട്ടി മൂന്നു ദിവസത്തിനുള്ളിൽ നൽകി;

(ഇ) പ്രസ്തുത ഭൂമി ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആ ഭൂമി ആരുടെ പേരിൽ രജിസ്റ്റർ ചെയ്തിരുന്നു;

(എഫ്) എന്തടിസ്ഥാനത്തിലാണ് ആ ഭൂമി ആ ആളിന്റെ പേരിൽ രജിസ്റ്റർ ചെയ്തിരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003 മാർച്ച് മാസം 20-ന് നൽകിയിട്ടില്ല. എന്നാൽ ശ്രീ. എ. എസ്. ഹമീദിന് 20-3-2002-ൽ ഈ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(ബി) 18-3-2002-ൽ.

(സി) 2224

(ഡി) 2224

(ഇ) വെള്ളിക്കുളം സബ് രജിസ്ട്രാർ ആഫീസിലെ 1969-ലെ 1-ാം പുസ്തകം 2627-ഉം, 1970-ലെ 1-ാം പുസ്തകം 122-ഉം നമ്പരുകളായുള്ള ആധാരങ്ങൾ പ്രകാരം കരുവാറ്റ വടക്കുംമുറിയിൽ മിനത്തേ വീട്ടിൽ കൃഷ്ണപിള്ളയുടെ അനന്തരവൻ മാധവൻപിള്ള പേർക്ക് രജിസ്റ്റർ ചെയ്തിരുന്നു.

(എഫ്) രജിസ്ട്രേഷൻ മാനുവൽ ഉത്തരവ് 44, 1 മുതൽ 6 വരെയുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ആധാരം രജിസ്റ്റർ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly